LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ഉത്തരവ് (കൈ)നമ്പർ 75/2017/തൊഴിൽ തീയതി 15-9-2017 പ്രകാരം പുതുതായി 18 സ്ഥലത്ത് ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകുകയും ആയതിന്റെ പ്രവർത്തനത്തിന് ഒരു ഡിസ്പെൻസറിയിൽ 9 തസ്തികകൾ വീതം ആകെ 162 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിരുന്നു. ആയതിൽ വെഞ്ഞാറമൂട് എന്ന സ്ഥലവും ഉൾപ്പെട്ടിരുന്നു. വെഞ്ഞാറമൂട് രണ്ട് ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറി ആരംഭിക്കുന്നതിന് ഇ.എസ്.ഐ കോർപ്പറേഷൻ 7-5-2021-ൽ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

ഭൂപതിവ് ചട്ടത്തിൽ മാറ്റങ്ങൾ

207 (956) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1964-ലെ ഭൂപതിവ് ചട്ടത്തിൽ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

1964-ലെ ഭൂപതിവ് ചട്ടങ്ങളിൽ ആകെ മാറ്റം വരുത്തുന്ന കാര്യം തത്കാലം പരിഗണനയിലില്ല.

വില്ലേജ് ഓഫീസ് അനുവദിക്കൽ

208 (957) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ നിലവിൽ എത്ര ഗ്രൂപ്പ് വില്ലേജുകളാണുള്ളതെന്നറിയിക്കുമോ?

മഞ്ചേശ്വരം താലൂക്കിൽ 14 ഗ്രൂപ്പ് വില്ലേജുകളാണുള്ളത്.

(ബി) ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ച് ഓരോ വില്ലേജിനും പ്രത്യേകം ഓഫീസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

സംസ്ഥാനത്ത് നിലവിലുള്ള ഗ്രൂപ്പുവില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജുകൾ സൃഷ്ടിക്കുന്നകാര്യം സർക്കാർ പരിശോധിക്കുകയും സംസ്ഥാനത്തിന്റെ പൊതു ധനസ്ഥിതി മെച്ചപ്പെടുന്ന അവസരത്തിൽ ആയത് പരിശോധിക്കാവുന്നതാണെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.